## തൗബയുടെ ദിനം

അലി(റ) വിവരിക്കുന്നു: ഒരാൾ നബി(സ്വ)യുടെ അരികിൽ വന്ന്, റമളാന് ശേഷം ഏതു മാസമാണ് സുന്നത്തു നോമ്പിനുവേി തങ്ങൾ എനിക്ക് നിർദ്ദേശിക്കുന്നതെന്ന് ചോദിച്ചപ്പോൾ നബി(സ്വ) മറുപടി പറഞ്ഞു: ‘‘മുഹർറം മാസം നോമ്പെടുക്കൂ. അത് അല്ലാഹുവിന്റെ മാസമാണ്. ഒരു സമൂഹത്തിന്റെ പശ്ചാത്താപം സ്വീകരിച്ചു കഴിഞ്ഞതും മറ്റൊരു സമൂഹത്തിന്റെ പശ്ചാത്താപം സ്വീകരിക്കാനുള്ളതുമായ ഒരു ദിവസം ആ മാസത്തിലു്’’ (തിർമിദി). ഒരു സമൂഹത്തിന്റെ പശ്ചാത്താപം സ്വീകരിച്ചതും മറ്റൊരു സമൂഹത്തിന്റേത് സ്വീകരിക്കാനിരിക്കുന്നതുമായ ദിവസം ആശൂറാഅ്(മുഹർറം പത്ത്) ആണ്. ആ ദിവസം ഉൾക്കൊള്ളുന്ന മാസമായതുകൊാണ് റമളാൻ കഴിഞ്ഞാൽ നോമ്പിന് വിശേഷപ്പെട്ട മാസം മുഹർറമാണെന്ന് നബി(സ്വ) പറഞ്ഞത് (ഹദീസ് വ്യാഖ്യാന ഗ്രന്ഥമായ ഗായത്തുൽ മഅ്മൂൽ:2/88).

പശ്ചാത്താപം സ്വീകരിക്കപ്പെടലാണ് മുഹർറം പത്തിന്റെ പ്രധാന വിശേഷങ്ങളിലൊന്ന്. പാപം ചെയ്യാൻ ഒരു വിധത്തിലും സാധ്യതയില്ലാത്തവരാണ് പ്രവാചകർ. അവരിൽ ചിലർ അത്യധികമായ വിനയത്തിന്റെ യും ഭക്തിയുടെയും പേരിൽ സ്വന്തം പ്രവർത്തനം അല്ലാഹു എങ്ങനെ സ്വീകരിക്കുമെന്നറിയാതെ വേദനിക്കുകയും അല്ലാഹുവിനോട് കരഞ്ഞ് പ്രാർഥിക്കുകയും ചെയ്ത സംഭവം ഖുർആനിലു്. മഹാന്മാരായ ആദം(അ), ദാവൂദ്(അ), യൂനുസ്(അ) എന്നീ നബിമാരുടെ ചരിത്രങ്ങളിൽ ഇത് കാണാം. ഇവർക്കെല്ലാം മനഃശാന്തി നൽകുന്ന തൃപ്തികരമായ ഉത്തരം അല്ലാഹുവിൽ നിന്ന് ലഭിച്ചതും ഇവരുടെ ഖേദപ്രകടനം (പശ്ചാത്താപം) പരിഗണിച്ചതും ഇവർ പരിശുദ്ധരാണെന്ന പ്രഖ്യാപനമുായതും മുഹർറം പത്തിനാണ്. അന്ത്യപ്രവാചകർ മുഹമ്മദ് നബി(സ്വ)യിൽ നിന്ന് ഒരിക്കലും പാപങ്ങൾ സംഭവിക്കില്ലെന്ന പ്രഖ്യാപനവും മുഹർറം പത്തിനാണുായത്. പാപമോചനത്തിനും പശ്ചാത്താപത്തിനുമുള്ള മാർഗ്ഗമാണ് മുഹർറം പത്തിന്റെ വ്രതാനുഷ്ഠാനമെന്ന് നിരവധി ഹദീസുകളിലും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലും കാണാം. ഇമാം അബൂഖതാദഃ(റ) പറയുന്നു: ‘‘ആശൂറാഅ് നോമ്പിനെപ്പറ്റി ചോദിച്ചപ്പോൾ, ഒരു വർഷത്തെ ദോഷങ്ങൾ അത് പൊറുപ്പിക്കുമെന്നായിരുന്നു നബി(സ്വ)യുടെ മറുപടി’’(മുസ്‌ലിം). നബി(സ്വ) പറഞ്ഞു: ‘‘ആശൂറാഅ് നോമ്പ്, തൊട്ടുമുമ്പുള്ള ഒരു വർഷക്കാലത്തെ ദോഷം പൊറുപ്പിക്കുമെന്ന് അല്ലാഹുവിൽ നിന്ന് ഞാൻ പ്രതീക്ഷിക്കുന്നു’’ (മുസ്‌ലിം).

കഴിഞ്ഞുപോയ ഒരു വർഷത്തെ ദോഷങ്ങൾ മുഴുവൻ മുഹർറം പത്തിന്റെ ഒരേയൊരു വ്രതം വഴി പൊറുക്കുമെന്നത് നിസ്സാരമല്ലല്ലോ. ഈ ദിവസത്തിന്റെ സവിശേഷതയാണത്. ആദം നബി(അ)യുടെ കാലം മു തൽ ഈ ദിനത്തിൽ മനുഷ്യരുടെ പാപങ്ങൾ അല്ലാഹു പൊറുത്തുകൊയേിരുന്നു. അതിന്റെ തുടർച്ച ലോകാന്ത്യം വരെ സംഭവിക്കുമെന്നാണ് നബിവചനത്തിന്റെ പൊരുൾ.

പൊറുക്കപ്പെടുന്ന ദോഷങ്ങളേതാണെന്നതിനെപ്പറ്റി പണ്ഢിതന്മാർ സുദീർഘമായി ചർച്ച ചെയ്തിട്ടു്. വൻദോഷവും ചെറുദോഷവുമെല്ലാം പൊറുക്കപ്പെടുന്നതാണെന്ന പ്രബലമല്ലാത്ത അഭിപ്രായം ഇമാം ഇ ബ്നുൽ മുൻദിർ(റ), ഇമാം അൽഖാളീ അബുൽമആലീ(റ) എന്നിവർക്കു് (ഖൽയൂബി:2/73). എന്നാൽ, ചെറുദോഷങ്ങൾ മാത്രമേ ഇതിൽ പെടുകയുള്ളൂ എന്നാണ് ഇമാം ഇബ്നു ഹജർ അൽ ഹൈതമീ(റ), ഇ മാമുൽ ഹറമൈനി(റ) തുടങ്ങിയവർ പ്രബലമാക്കിയിട്ടുള്ളത്. വൻദോഷങ്ങൾ പൊറുക്കണമെങ്കിൽ പ്ര ത്യേകം തൗബഃ ആവശ്യമാണ്. തൗബഃയില്ലാതെ പൊറുക്കുമെന്ന് പറഞ്ഞിട്ടുള്ളതെല്ലാം ചെറുദോഷങ്ങളെ സംബന്ധിച്ച് മാത്രമാണെന്നാണ് അഹ്‌ലുസ്സുന്നഃയുടെ ഏകോപിത തീരുമാനം. പാപമുക്തി വാഗ്ദാനം ചെയ്യപ്പെട്ട സത്കർമ്മങ്ങളെപ്പറ്റി പറയുമ്പോഴെല്ലാം വൻദോഷങ്ങൾ ഒഴിവാക്കണമെന്ന പ്രത്യേക നിബന്ധന ഹദീസുകളിൽ വന്നിട്ടുള്ളത് വിലയിരുത്തിയാണീ തീരുമാനം. അതിനാൽ ഇബ്നുൽ മുൻദിറി(റ)ന്റെയും ഖാളീ അബുൽമആലീ(റ)യുടെയും(മുമ്പ് പറഞ്ഞ) അഭിപ്രായങ്ങൾ തള്ളപ്പെടേതാണ് (തുഹ്ഫ: & ശർവാനീ:3/454,455, ഫത്ഹുൽ മുഈൻ:202,203). ചെറുദോഷങ്ങൾ മാത്രം പൊറുക്കുമെന്നതാണ് അടിസ്ഥാനയോഗ്യമെന്ന് അലിയ്യുശ്ശബ്‌റാമല്ലിസി(റ)യും പറയുന്നു(അശ്ശബ്‌റാമല്ലിസി:3/200, ശർ വാനീ:3/454).

വൻദോഷങ്ങൾ കൂടി പൊറുപ്പിക്കുമെന്ന് എടുത്തു പറഞ്ഞ വിഷയങ്ങൾ ചെയ്താൽ വൻദോഷങ്ങൾ പൊറുത്തേക്കാമെന്നതിൽ തർക്കമില്ല. വൻദോഷങ്ങൾ ഒഴിവാക്കണമെന്ന് നിബന്ധന പറഞ്ഞ വിഷയങ്ങ ൾ ചെയ്താൽ ചെറുദോഷം മാത്രമേ പൊറുക്കപ്പെടുകയുള്ളൂ എന്നതും നിസ്തർക്കം തന്നെ. എന്നാൽ, ചെറുതോ വലുതോ എന്ന് പ്രത്യേകം പറയാതെ,

ദോഷം പൊറുക്കുമെന്ന് മാത്രം പറഞ്ഞ സ്ഥലങ്ങളിൽ അല്ലാഹുവിന്റെ വിശാലമായ അനുഗ്രഹം മുൻനിർത്തി എല്ലാം പൊറുക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കാവുന്നത് (കുർദീ:2/199, ശർവാനീ:3/454).

ചെറുദോഷങ്ങളില്ലാത്തവർക്ക് സ്ഥാനമാനങ്ങൾ ഉയർത്തുക, ചെറുദോഷങ്ങളില്ലാതെയോ വർദ്ധിക്കാതെയോ ജീവിക്കാനുള്ള സൗഭാഗ്യമുാവുക മുതലായ ഗുണങ്ങൾ അവൻ നൽകുന്നതാണ്(തുഹ്ഫ: 3/454).

ഇവയെല്ലാം അല്ലാഹുവോടുള്ള കുറ്റങ്ങളുടെ കാര്യമാണ്. മനുഷ്യരുമായി ബന്ധപ്പെടുന്ന ബാധ്യതകൾ ആശൂറാഅ് നോമ്പു പോലുള്ള സത്കർമ്മങ്ങളാൽ മാത്രം പൊറുപ്പിക്കുന്നതല്ല. ഇത്തരം കാര്യങ്ങൾ വീട്ടിത്തീർക്കുകയോ പൊരുത്തപ്പെടീക്കുകയോ ചെയ്തെങ്കിൽ മാത്രമേ ബാധ്യത ഒഴിവാകുകയുള്ളൂ (ഫത്ഹുൽ മുഈൻ:202).

END